ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിയമസഭകളെ ഗുണപരമായ ചർച്ചകളുടെയും സംവാദങ്ങളുടെയും ഇടമാക്കി മാറ്റണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

   **Lok Sabha Speaker Om Birla says legislatures should be made a place for quality discussions and debates.**

2. യു.ജി.സി.കരട് മാർഗരേഖ പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ പ്രമേയം പാസാക്കി.

   **Kerala Assembly passes resolution demanding withdrawal of UGC draft guidelines.**

3. രാജ്യത്തിൻ്റെ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ എട്ട് ബില്യൺ ഡോളറായി വളർന്നുവെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ്.

   **Union Science and Technology Minister Jitendra Singh says the country's space economy has grown to $8 billion.**

4. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. മാവേലിക്കര വിദ്യാദിരാജ വിദ്യാപീഠം സൈനിക് സ്കൂൾ ഉദ്ഘാടനം ചെയ്യും.

**Defence Minister Rajnath Singh will arrive in Kerala tomorrow for a two-day visit. The Minister will inaugurate the Sainik School at Mavelikkara Vidyadiraja Vidyapeeth.**

5. നിർണ്ണായക ഉത്തരവുകളിൽ ഒപ്പുവച്ച് യു.എസ്.പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ലോകാരോഗ്യ സംഘടനയിൽ നിന്നും പാരീസ് ഉടമ്പടിയിൽ നിന്നും യു.എസ്. പിന്മാറി.

**The US President Donald Trump signs crucial orders. US withdraws from the World Health Organization and the Paris Agreement.**

6. ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം.അണ്ടർ 19 വനിതാ ക്രിക്കറ്റ് ടി20 ലോകകപ്പിൽ മലേഷ്യയ്ക്കെതിരെ ഇന്ത്യക്ക് 10 വിക്കറ്റ് ജയം.

**India-England Twenty20 cricket series begins tomorrow. India beats Malaysia by 10 wickets in U-19 Women's T20 World Cup.**

**&&&&&&&&&&&&&&&&&&&**

**BIHAR-OM BIRLA-INTRO**

നിയമസഭകളെ മികച്ചതും ഗുണപരവുമായ ചർച്ചകളുടെയും സംവാദങ്ങളുടെയും ഇടമാക്കി മാറ്റണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ഇന്ന് പട്നയിൽ നടന്ന 85-ാമത് ഓൾ ഇന്ത്യ പ്രിസൈഡിംഗ് ഓഫീസേഴ്സ് കോൺഫറൻസിൻ്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ പ്രതിനിധികളും സംവാദം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രമേയം അംഗീകരിച്ചതായി ലോക്സഭാ സ്പീക്കർ പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**CM**

ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് യു.ജി.സി ഈ മാസം 6 ന് പുറത്തിറക്കിയ കരട് മാർഗ്ഗരേഖ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കി. മാർഗ്ഗരേഖ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും എതിരാണെന്ന് പ്രമേയം അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി

പിണറായി വിജയൻ പറഞ്ഞു. ഇതിനു പകരം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്നും കേന്ദ്ര സർക്കാറിനോട് പ്രമേയം ആവശ്യപ്പെടുന്നു.സർവകലാശാലകളുടെ പ്രവർത്തനങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിനെ പൂർണമായും മാറ്റിനിർത്തുന്ന സമീപനമാണിതെന്നും മുഖ്യമന്ത്രി വിമർശിച്ചു.

&&&&&&&&&&&&&&&&&&

**JITENDRA SPACE ECONOMY**

രാജ്യത്തിൻ്റെ ബഹിരാകാശ സമ്പദ്വ്യവസ്ഥ എട്ട് ബില്യൺ ഡോളറായി വളർന്നതായും അടുത്ത ദശകത്തിൽ അത് നാൽപ്പത്തിനാല് ബില്യൺ ഡോളറിലെത്തുമെന്നും കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ്. ഗഗൻയാൻ ദൗത്യം, 2027-ലെ ചന്ദ്രയാൻ-4 ദൗത്യം, 2028-ലെ ശുക്രയാൻ ദൗത്യം, 2030-ലെ ഇന്ത്യൻ ബഹിരാകാശ നിലയം തുടങ്ങിയ പദ്ധതികൾ രാജ്യത്തിൻ്റെ ബഹിരാകാശ മേഖലയുടെ കരുത്തിനെ വെളിവാക്കുന്നുവെന്നും അദ്ദേഹം

പറഞ്ഞു. SPADEX പോലുള്ള ദൗത്യങ്ങൾ സാങ്കേതിക പുരോഗതിയിലെ ഒരു കുതിച്ചുചാട്ടമാണെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## DEFENCE MINISTER

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ രണ്ട് ഔദ്യോഗിക പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. മാവേലിക്കര വിദ്യാധിരാജ വിദ്യാപീഠം സൈനിക് സ്കൂളിൻറെ ഉദ്ഘാടനം രാജ്യരക്ഷാ മന്ത്രി നാളെ ഉച്ചക്ക് ശേഷം നിർവഹിക്കും. തുടർന്ന് ആറന്മുളയിൽ കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## TRUMP- EXECUTIVE ORDERS-1

യു.എസ്.പ്രസിഡൻറായി ചുമതലയേറ്റതിനു പിന്നാലെ നിർണ്ണായക ഉത്തരവുകളിൽ ഒപ്പുവച്ച് ഡൊണൾഡ് ട്രംപ്. ലോകാരോഗ്യ സംഘടനയിൽ നിന്നും പാരീസ് ഉടമ്പടിയിൽ നിന്നും യു.എസ്. പിന്മാറി. കോവിഡ് പൊട്ടി പുറപ്പെട്ട സമയത്ത് ലോകാരോഗ്യ സംഘടന ചൈനയോട് പക്ഷപാത പരമായി പെരുമാറിയതായി ട്രംപ് ആരോപിച്ചു. യു.എസിൽ നിരോധനം ഏർപ്പെടുത്തിയ ടിക് ടോക്കിന് നിയമപരമായി പ്രവർത്തിക്കാൻ 75 ദിവസത്തെ സാവകാശം അനുവദിച്ചു. മുൻ പ്രസിഡൻറ് ജോ ബൈഡൻറെ 78 നയങ്ങൾ റദ്ദാക്കിയാണ് പുതിയ ഉത്തരവുകൾ.

&&&&&&&&&&&&&&&&&&

**WHO-USA**

ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറാനുള്ള ട്രംപ് ഭരണകൂടത്തിൻ്റെ തീരുമാനത്തിൽ ലോകാരോഗ്യ സംഘടന തലവൻ ടെഡ്രോസ് അദാനോം ഗെബ്രിയേസസ് ആശങ്ക അറിയിച്ചു. ആഗോളതലത്തിൽ ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രയോജനം ചെയ്യുന്ന സംഘടനയിൽ നിന്ന് പിന്മാറാനുള്ള സ്ഥാപക അംഗം കൂടിയായ അമേരിക്കയുടെ തീരുമാനത്തിൽ ചർച്ചയ്ക്ക് തയ്യാറാകണമെന്ന് അദ്ദേഹം

ആവശ്യപ്പെട്ടു. ലോകാരോഗ്യ സംഘടനയ്ക്ക് ഏറ്റവും കൂടുതൽ സാമ്പത്തിക സഹായം ചെയ്യുന്ന അമേരിക്കയുടെ പിന്മാറ്റം ആശങ്കകൾ ഉയർത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**TRUMP- EXECUTIVE ORDERS-2**

യു.എസിൽ ജന്മാവകാശ പൗരത്വം ഭേദഗതി ചെയ്യുന്ന ഉത്തരവിലും പ്രസിഡൻറ് ഒപ്പു വച്ചു. അമേരിക്കൻ പൗരത്വം ഇല്ലാത്ത മാതാപിതാക്കളുടെ യു.എസിൽ ജനിക്കുന്ന കുട്ടികൾക്ക് സ്വമേധയാ പൗരത്വം നല്കുന്നത് റദ്ദാക്കി. യു.എസിൽ ജനിക്കുന്ന കുട്ടിക്ക് പൗരത്വം ലഭിക്കണമെങ്കിൽ കുറഞ്ഞത് ഒരു രക്ഷിതാവെങ്കിലും യു.എസ്.പൗരനോ നിയമപരമായ സ്ഥിര താമസക്കാരനോ അല്ലെങ്കിൽ യു.എസ്. മിലട്ടറി അംഗമോ ആയിരക്കണമെന്ന് ഉത്തരവിൽ പറയുന്നു.

&&&&&&&&&&&&&&&&&&

**AMRIT UDYAN**

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനം ഫെബ്രുവരി 2 മുതൽ മാർച്ച് 30 വരെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും. തിങ്കളാഴ്ച ഒഴികെ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് സന്ദർശന സമയം. പ്രവേശനം സൗജന്യമാണ്. മാർച്ച് 6 മുതൽ ദക്ഷിണേന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകവും തനതായ പാരമ്പര്യവും പ്രദർശിപ്പിക്കുന്ന നാല്

ദിവസത്തെ ഉത്സവപരിപാടികളും രാഷ്ട്രപതി ഭവനിൽ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

**T-20**

ഇന്ത്യ-ഇംഗ്ലണ്ട് ട്വൻ്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം. അഞ്ച് മത്സരങ്ങളുള്ള പരമ്പര നാളെ കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ആരംഭിക്കും.

&&&&&&&&&&&&&&&&&&

**CRICKET - U19 WOMENS**

ക്വാലാലംപൂരിൽ നടന്ന ഐസിസി അണ്ടർ 19 വനിതാ ക്രിക്കറ്റ് ടി20 ലോകകപ്പ് മത്സരത്തിൽ ആതിഥേയരായ മലേഷ്യയെ ഇന്ത്യ 10 വിക്കറ്റിന് പരാജയപ്പെടുത്തി. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ മലേഷ്യ ഉയർത്തിയ 32 റൺസ് വിജയലക്ഷ്യം 2.5 ഓവറിൽ ഇന്ത്യ മറികടന്നു. വ്യാഴാഴ്ച നടക്കുന്ന ഇന്ത്യയുടെ അടുത്ത മത്സരത്തിൽ ശ്രീലങ്കയാണ് എതിരാളി.

&&&&&&&&&&&&&&&&&&

**I S L**

ഐ എസ് എല്ലിൽ ഇന്ന് ചെന്നൈയിൻ എഫ് സി- മോഹൻബഗാൻ പോരാട്ടം. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ മോഹൻ ബഗാൻ ഒന്നാമതും ചെന്നൈയിൻ എഫ് സി പത്താമതുമാണ്.

&&&&&&&&&&&&&&&&&&

**Chirag Paswan –INTRO**

ഇന്ത്യയെ ആഗോള ഭക്ഷ്യോത്പാദന കേന്ദ്രമാക്കി മാറ്റുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രി ചിരാഗ് പാസ്വാൻ. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൻറെ വാർഷിക സമ്മേളനത്തിൽ ഇന്ത്യൻ പവലിയൻറെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരിക്കൊപ്പം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ഭക്ഷ്യോത്പാദന മേഖലയിലെ വിദേശ നിക്ഷേപം വർധിച്ചുവരുന്നതായി ശ്രീ ചിരാഗ് പാസ്വാൻ പറഞ്ഞു. ഇന്ത്യയും ഇന്ത്യക്കാരും, ഇന്ത്യയുടെ ശബ്ദവും ഒറ്റക്കെട്ടായാണ് ദാവോസിൽ പ്രതിനിധീകരിക്കപ്പെടുന്നത് എന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

അഞ്ച് ദിവസത്തെ സമ്മേളനത്തിൽ 130-ലധികം രാജ്യങ്ങളിൽ നിന്നായി മൂവായിരത്തോളം പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

**CM –KAVACHAM**

സുരക്ഷാ ബോധം പൊതു ശീലമാക്കി മാറ്റണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലെ സങ്കീർണമായ ഭൂപ്രകൃതിയും കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം' മുന്നറിയിപ്പ് സംവിധാനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

&&&&&&&&&&&&&&&&&&

**PAPER INDUSTRY CHARTS COURSE**

പേപ്പർ ആൻറ് ടിഷ്യു ഷോ 2025 അബുദാബിയിലെ നാഷണൽ എക്സിബിഷൻ സെൻററിൽ ആരംഭിച്ചു. ഇന്ത്യയിൽ നിന്നുള്ള 22 കമ്പനികൾ ഉൾപ്പെടെ 120-ലധികം രാജ്യങ്ങളിൽ നിന്നായി 300-ലധികം സംരംഭകർ മൂന്നു ദിവസത്തെ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്. പേപ്പർ ഉത്പാദനത്തിൻറെ എല്ലാ ഘട്ടത്തിലും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുമെന്നും

നിർമ്മാണത്തിനായി വിനിയോഗിക്കുന്ന ഓരോ മരത്തിനും പകരമായി ഒന്നിലധികം മരങ്ങൾ നടുമെന്നും കമ്പനികൾ വ്യക്തമാക്കി. പുനഃചംക്രമണ മാർഗത്തിലൂടെ പേപ്പർ വ്യവസായത്തിന് സുസ്ഥിരത കൈവരിക്കാനാകുമെന്നും സംരംഭകർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## TURKIYE-FIRE

വടക്കുപടിഞ്ഞാറൻ തുർക്കിയെ-യിൽ റിസോർട്ടിലെ ഹോട്ടലിൽ ഉണ്ടായ തീപിടുത്തത്തിൽ 66 പേർ കൊല്ലപ്പെട്ടു. 51 പേർക്ക് പരിക്കേറ്റു . പരിഭ്രാന്തി കാരണം കെട്ടിടത്തിൽ നിന്ന് ചാടിയ രണ്ടു പേർ മരിച്ചതായി റിപ്പോർട്ടുണ്ട്. സംഭവ ത്തെക്കുറിച്ച് അന്വേഷിക്കാൻ തുർക്കിയെ നീതിന്യായ മന്ത്രി ഉത്തരവിട്ടു.

&&&&&&&&&&&&&&&&&&

## PM JANMAN CONFERENCE

പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാനുമായി ബന്ധപ്പെട്ട് ജില്ലാ

മജിസ്ട്രേറ്റുമാരുടെ ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ നടന്നു.

വീടുകൾ , റോഡുകൾ, അങ്കണവാടികൾ, സ്കൂൾ ഹോസ്റ്റലുകൾ, വിവിധോദ്ദേശ്യ കേന്ദ്രങ്ങൾ, വന വിഭവ വികസന കേന്ദ്രങ്ങൾ എന്നിങ്ങനെ ആറ് പ്രധാന മേഖലകളിലാണ് സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആദിവാസി വകുപ്പ് മന്ത്രി ജുവൽ ഓറം സമ്മേളനം ഉദ്ഘാടനം ചെയ്തു. വികസന പദ്ധതികൾ വിദൂര പ്രദേശങ്ങളിലെ അടിസ്ഥാന ജനവിഭാഗങ്ങളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം

&&&&&&&&&&&&&&&&&&

## MAHAKUMBH CONSTITUTION

പ്രയാഗ് രാജിൽ പുരോഗമിക്കുന്ന മഹാകുംഭമേളയോടനുബന്ധിച്ച് ത്രിവേണി മാർഗിൽ സന്ദർശകർക്കായി ഭരണഘടനാ ഗാലറിയും. ഇന്ത്യൻ ഭരണഘടനയുടെ ചരിത്രം, പരിണാമം, അനുബന്ധ വ്യക്തിത്വങ്ങൾ, വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന

ലക്ഷ്യത്തോടെയാണ് ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഭരണഘടന ഗാലറി ഒരുക്കിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## JK-RAJOURI DEATHS

ജമ്മു കശ്മീരിൽ രജൗരി ജില്ലയിലെ ബധാൽ ഗ്രാമത്തിൽ ദുരൂഹ സാഹചര്യത്തിൽ 17 പേർ മരണപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ, മുഖ്യമന്ത്രി ഒമർ അബ്ദുള്ള ഇന്ന് ഗ്രാമം സന്ദർശിച്ചു. ദുരന്തത്തിനിരയായവരുടെ കുടുംബങ്ങളെ സന്ദർശിച്ച അദ്ദേഹം അനുശോചനവും പിന്തുണയും അറിയിച്ചു. ദുരൂഹ മരണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ സർക്കാർ നേരത്തെ രൂപീകരിച്ചിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം രൂപീകരിച്ച അന്തർ-മന്ത്രിതല സംഘവും അന്വേഷണം നടത്തുന്നുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&